ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 06.10.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി 17 പരിഷ്ക്കാരങ്ങൾ പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   Ahead of the Bihar Assembly elections, the Election Commission of india has announced 17 reforms.

2. കുട്ടികൾക്കുള്ള ചുമ മരുന്നുകളുടെ യുക്തിസഹമായ ഉപയോഗം ഉറപ്പാക്കാൻ സംസ്ഥാനങ്ങളോട് നിർദേശിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

   The Union Health Ministry has advised states to ensure the rational use of cough medicines for children.

3. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയലിന്റെ രണ്ട് ദിവസത്തെ ഖത്തർ സന്ദർശനം ഇന്ന് ആരംഭിക്കും.

   Union Commerce and Industry Minister Piyush Goyal will be on a two-day visit to Doha, Qatar from today.

4. ഉത്സവ സീസണിലെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ സർവീസുകൾ നടത്താൻ വിമാനകമ്പനികളോട് ആവശ്യപ്പെട്ട് ഡി.ജി.സി.എ.

   DGCA reviews airfare trends ahead of festive season; Asks airlines to add more flights.

5. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നവരാത്രി അവധിയുടെ ഇടവേളയ്ക്ക് ശേഷം ഇന്ന് വീണ്ടും ചേരും.

   The 14th session of the 15th Kerala Legislative Assembly will reconvene today after the Navaratri holiday break.

6. വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് 88 റൺസ് ജയം.

**India beat Pakistan by a huge margin of 88 runs in Women's World Cup cricket.**

*********************************

## CEC BIHAR (INTRO)

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി 17 പരിഷ്ക്കാരങ്ങൾ പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഭാവിയിൽ രാജ്യവ്യാപകമായി ഈ പരിഷ്കാരങ്ങൾ നടപ്പാക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പട്നയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇവിഎം ബാലറ്റിൽ സ്ഥാനാർത്ഥികളുടെ പേരുകൾക്കൊപ്പം നിറമുള്ള ഫോട്ടോകളും ഉണ്ടാകുമെന്നും ഇതാദ്യമായി വോട്ടർമാർക്ക് പോളിംഗ് സ്റ്റേഷനുകളുടെ പുറത്ത് വരെ മൊബൈൽ ഫോണുകൾ കൊണ്ടുപോകാൻ അനുമതിയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

( വോയിസ്.....)

*********************************

## HEALTH MINISTRY COUGH SYRUPS

കുട്ടികൾക്കുള്ള ചുമ മരുന്നുകളുടെ യുക്തിസഹമായ ഉപയോഗം ഉറപ്പാക്കാൻ സംസ്ഥാനങ്ങളോട് നിർദേശിച്ച് കേന്ദ്ര സർക്കാർ. ചുമ മരുന്നുകളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ സംബന്ധിച്ച് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവയുടെ അധ്യക്ഷതയിൽ ഇന്നലെ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഉന്നതതല യോഗം ചേർന്നു. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും പ്രശ്നങ്ങൾ കണ്ടെത്തുന്നതിനുമായി ആറ് സംസ്ഥാനങ്ങളിലെ 19 നിർമ്മാണ യൂണിറ്റുകളിൽ പരിശോധനകൾ ആരംഭിച്ചതായി യോഗത്തിൽ അറിയിച്ചു. മരുന്നുകളുടെ ഗുണനിലവാരവും രോഗികളുടെ സുരക്ഷയും ഉറപ്പാക്കണമെന്നും ഇത്തരം സംഭവങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കാനും ആരോഗ്യ മന്ത്രാലയം നിർദേശം നൽകി.

******************************

## DGCA-FESTIVE SEASON FLIGHTS

ഉത്സവ സീസണിൽ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ വിമാന സർവീസുകൾ നടത്താൻ വിമാനകമ്പനികളോട് ആവശ്യപ്പെട്ട് ഡി.ജി.സി.എ. ഇതെതുടർന്ന് ഇൻഡിഗോയും എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും അധിക സർവീസ് നടത്താൻ തീരുമാനിച്ചു. ഉത്സവ സീസണിൽ എയർലൈൻ നിരക്കുകളും വിമാന സർവ്വിസുകളുടെ എണ്ണവും ഡിജിസിഎ കർശനമായി നിരീക്ഷിക്കുമെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം അറിയിച്ചു.

******************************

## OM BIRLA - BRIDGE TOWN

ബാർബഡോസിലെ ബ്രിഡ്ജ്ടൗണിൽ നടക്കുന്ന 68-ാമത് കോമൺവെൽത്ത് പാർലമെന്ററി സമ്മേളനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘം പങ്കെടുക്കും. 'കോമൺവെൽത്ത് - ഒരു ആഗോള പങ്കാളി' എന്ന വിഷയത്തിൽ അദ്ദേഹം സമ്മേളനത്തിന്റെ പൊതുസഭയെ അഭിസംബോധന ചെയ്യും. ഉഭയകക്ഷി യോഗങ്ങളിൽ പങ്കെടുക്കുന്ന ശ്രീ ഓം ബിർള കോമൺവെൽത്ത് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി പാർലമെന്ററി സഹകരണം സംബന്ധിച്ച് ചർച്ച നടത്തും. ഈ മാസം 12 വരെ നടക്കുന്ന സമ്മേളനത്തിൽ വിവിധ വിഷയങ്ങളിലായി ഏഴ് ശിൽപശാലകൾ നടക്കും.

******************************

## JAISHANKAR-KAUTILYA (INTRO)

ഇന്ത്യ-യുഎസ് വ്യാപാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ സജീവമായി തുടരുകയാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ന്യൂഡൽഹിയിൽ കൗടില്യ സാമ്പത്തിക കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള പങ്കാളിത്ത

രാഷ്ട്രങ്ങളുമായി ക്രിയാത്മകമായ ബന്ധം സൂക്ഷിക്കുകയാണ് ഇന്ത്യയുടെ നിലപാടെന്നും വിദേശകാര്യമന്ത്രി വ്യക്തമാക്കി.

( വോയിസ്.....)

********************************

## GOYAL-QATAR VISIT

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയലിന്റെ രണ്ട് ദിവസത്തെ ഖത്തർ സന്ദർശനം ഇന്ന് ആരംഭിക്കും. ഖത്തർ വ്യവസായ മന്ത്രി ഷെയ്ഖ് ഫൈസൽ ബിൻ താനി ബിൻ ഫൈസൽ അൽ താനിക്കൊപ്പം ഖത്തർ-ഇന്ത്യ സംയുക്ത കമ്മീഷൻ യോഗത്തിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. ഉഭയകക്ഷി വ്യാപാരം അവലോകനം ചെയ്യുക, നിലവിലുള്ള വ്യാപാര തടസ്സങ്ങളും നോൺ-താരിഫ് പ്രശ്നങ്ങളും പരിഹരിക്കുക, വ്യാപാര-നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള വഴികൾ കണ്ടെത്തുക എന്നിവയും ഇരുപക്ഷവും ചർച്ചചെയ്യുമെന്ന് മന്ത്രാലയം അറിയിച്ചു. ഖത്തറിലെ ഇന്ത്യൻ സമൂഹവുമായും ശ്രീ പീയൂഷ് ഗോയൽ സംവദിക്കും.

********************************

## RAJNATH-AUSTRALIA VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ രണ്ട് ദിവസത്തെ ഓസ്ട്രേലിയൻ സന്ദർശനത്തിന് ഈ മാസം 9 ന് തുടക്കമാകും. ഓസ്ട്രേലിയൻ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ റിച്ചാർഡ് മാർലെസിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹത്തിന്റെ സന്ദർശനം. ഇന്ത്യ - ഓസ്ട്രേലിയ ഉഭയകക്ഷി ചർച്ചകൾക്കായിരിക്കും സന്ദർശനത്തിൽ ഊന്നൽ നൽകുന്നതെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഇരുരാജ്യങ്ങളിലേയും വ്യവസായ പ്രമുഖർ പങ്കെടുക്കുന്ന വ്യാപാര വട്ടമേശ സമ്മേളനത്തിലും ശ്രീ രാജ്നാഥ് സിങ്ങ് പങ്കെടുക്കും.

********************************

## NAVY-ANDROTH

ഇന്ത്യൻ നാവിക സേനയുടെ രണ്ടാമത്തെ അന്തർവാഹിനി വേധ കപ്പൽ ആന്ത്രോത്ത് ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. വൈസ് അഡ്മിറൽ രാജേഷ് പെഡർകർ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ആന്ത്രോത്തിന്റെ കമ്മീഷനിങ് നാവിക സേനയുടെ ചരിത്രത്തിൽ നാഴികകല്ലാണെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. കൊൽക്കത്തയിൽ നിർമ്മിച്ച ആന്ത്രോത്തിന്റെ 80 ശതമാനം ഭാഗങ്ങളും തദ്ദേശീയമായി നിർമ്മിച്ചതാണ്.

******************************

## GST-JAMMU AND KASHMIR

പുതുതലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ജമ്മു കശ്മീരിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നു. ജമ്മു കശ്മീരിൽ കരകൗശല വസ്തുക്കൾ, കാർഷിക ഉൽപ്പന്നങ്ങൾ, ടൂറിസം, പ്രാദേശിക ഉൽപ്പന്നങ്ങൾ എന്നിവയുടെ ജിഎസ്ടി 12% ൽ നിന്ന് 5% ആയി കുറച്ചത് ചെലവ് കുറയ്ക്കുന്നതിനും പ്രാദേശിക വ്യവസായങ്ങളെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനും സഹായിക്കുന്നു.

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും......

(ബ്രേക്ക്)

******************************

## AMIT SHAH ( INTRO)

ആഗോളതലത്തിൽ മുൻനിരയിൽ എത്തുന്നതിന് തദ്ദേശീയ ഉത്പന്നങ്ങളോട് ശക്തമായ പ്രതിബദ്ധത ആവശ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മഹാരാഷ്ട്രയിലെ അഹല്യനഗർ

ജില്ലയിൽ പത്മശ്രീ ഡോ.വിത്തൽറാവു വിഖെ പാട്ടീലിന്റെയും പത്മഭൂഷൺ ഡോ. ബാലാസാഹെബ് വിഖെ പാട്ടീലിന്റെയും പ്രതിമകൾ അനാച്ഛാദനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

സ്വദേശി ഉൽപ്പന്നങ്ങൾ ഉപയോഗിക്കണമെന്ന പ്രധാനമന്ത്രിയുടെ ആഹ്വാനം കർഷകർ ഏറ്റെടുക്കണമെന്നും ശ്രീ അമിത് ഷാ അഭ്യർത്ഥിച്ചു.

********************************

## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നവരാത്രി അവധിയുടെ ഇടവേളയ്ക്ക് ശേഷം ഇന്ന് വീണ്ടും ചേരും. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ഇന്ന് നടക്കും. 2025 ലെ മലയാള ഭാഷാ ബിൽ, 2025 ലെ കേരള പൊതു സേവനാവകാശ ബിൽ ഉൾപ്പെടെയുള്ള വിവിധ ബില്ലുകളുടെ അവതരണവും ഇന്ന് സഭയിൽ നടക്കും.

********************************

## RAIN KERALA

കേരളത്തിൽ ബുധനാഴ്ച മുതൽ മഴ വീണ്ടും ശക്തി പ്രാപിക്കും. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മറ്റെന്നാൾ മഞ്ഞ ജാഗ്രത നൽകി. കേരള ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

********************************

## FINAL - WOMENs CRICKET

കൊളംബോയിൽ നടന്ന വനിതാ ഏകദിന ലോകകപ്പിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് ജയം. 88 റൺസിനാണ് ഇന്ത്യ പാകിസ്ഥാനെ പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 50 ഓവറിൽ 10 വിക്കറ്റ് നഷ്ടത്തിൽ 247 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ പാകിസ്ഥാൻ 43 ഓവറിൽ 159 റൺസിന് പുറത്തായി. 46 റൺസെടുത്ത ഹർലീൻ ഡിയോളാണ് ഇന്ത്യയുടെ ടോപ് സ്കോറർ. ഡയാന ബേഗ് പാകിസ്ഥാന് വേണ്ടി 4 വിക്കറ്റുകൾ വീഴ്ത്തി. വ്യാഴാഴ്ച വിശാഖപട്ടണത്ത് ദക്ഷിണാഫ്രിക്കയ്ക്കെതിരെയാണ് ഇന്ത്യയുടെ അടുത്ത മത്സരം.

*******************************

## CEREBRAL PALSY DAY

ഇന്ന് ലോക സെറിബ്രൽ പാൾസി ദിനം. സെറിബ്രൽ പാൾസി ബാധിച്ചവരുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനും അവബോധം വളർത്തുന്നതിനുമായാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. "ഐക്യത്തോടെ, അതുല്യമായി" എന്നതാണ് ഈ വർഷത്തെ പ്രമേയം.

*******************************

## WORLD PARA CHAMPIONSHIPS

ഇന്നലെ ന്യൂഡൽഹിയിൽ സമാപിച്ച ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ആറ് സ്വർണവും പത്ത് വെള്ളിയും ആറ് വെങ്കലവും ഉൾപ്പെടെ 22 മെഡലുകൽ നേടി. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന അവസാന ദിന മത്സരത്തിൽ 200 മീറ്റർ ടി 12 ൽ സിമ്രാൻ ശർമ്മ,100 മീറ്റർ ടി 35 ൽ പ്രീതി പാൽ എന്നിവർ വെള്ളി മെഡൽ നേടി.

*******************************

## ISRAEL HAMMAS NEGOCIATION

ഇസ്രായേലും ഹമാസും തമ്മിലുള്ള പരോക്ഷ വെടിനിർത്തൽ ചർച്ചകൾ ഇന്ന് ഈജിപ്റ്റിലെ ഷാം എൽ-ഷെയ്ക്കിൽ ആരംഭിക്കും. ഇതിനു മുന്നോടിയായി ഗാസയിലെ ഇസ്രായേൽ ആക്രമണം താൽക്കാലികമായി നിർത്തണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവശ്യപ്പെട്ടു. 20 നിർദേശങ്ങൾ അടങ്ങിയ യുഎസ് സമാധാന പദ്ധതി ഇരുപക്ഷവും അംഗീകരിച്ചിട്ടുണ്ട്.

******************************************

## EVEREST RESCUE OPS

എവറസ്റ്റിന്റെ ടിബറ്റൻ മേഖലയിൽ മഞ്ഞുവീഴ്ചയെ തുടർന്ന് ആയിരത്തോളം പേർ കുടുങ്ങിക്കിടക്കുന്നതായി റിപ്പോർട്ട്. 4,900 മീറ്റർ ഉയരത്തിലുള്ള ക്യാമ്പ്സൈറ്റിൽ കുടുങ്ങിയവർക്കായി രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഏകദേശം 350 പേരെ രക്ഷപ്പെടുത്തി ഖുഡാങ് പട്ടണത്തിലേക്ക് കൊണ്ടുപോയതായാണ് വിവരം.

******************************************

## NT. NEPAL RAIN

നേപ്പാളിൽ, മൂന്ന് ദിവസമായി തുടരുന്ന മഴ മൂലമുള്ള പ്രകൃതിദുരന്തങ്ങളിൽ 49 പേർ മരിച്ചു. മണ്ണിടിച്ചിലും വെള്ളപ്പൊക്കത്തിലും അടിസ്ഥാന സൗകര്യങ്ങൾ തകർന്നു. നേപ്പാൾ മഴക്കെടുതികളിൽ ദുഖം രേഖപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി നേപ്പാൾ ജനതയ്ക്കും സർക്കാരിനുമൊപ്പമാണ് ഇന്ത്യയെന്നും സമൂഹ മാധ്യമത്തിൽ കുറിച്ചു.

*********************************************************************************************